44 (1689) കേടായ കുഴൽക്കിണറുകൾ പ്രവർത്തനക്ഷമമാക്കുവാൻ നടപടി

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ ഓരോ ജില്ലയിലും എത്ര ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്;

(ബി) കേടായ കുഴൽക്കിണറുകൾ നന്നാക്കി പ്രവർത്തനയോഗ്യമാക്കാൻ എന്തെങ്കിലും പദ്ധതി സർക്കാർ നടപ്പിലാക്കുമോ?

ഉത്തരം

(എ) ഭൂജലവകുപ്പിന് പ്രത്യേകം തുക അനുവദിച്ചിട്ടില്ല. ജില്ലാ കളക്ടർമാർ, ജില്ലാ പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവ തുക അനുവദിക്കുന്നതിനനുസരിച്ച് കുഴൽക്കിണറുകൾ ഭൂജലവകുപ്പ് നിർമ്മിച്ച് നൽകുന്നതാണ്.

(ബി) കേടായ ഹാൻഡ് പമ്പുകൾ നന്നാക്കുന്നതിന് ജില്ലാ കളക്ടർമാർ, ത്രിതല പഞ്ചായത്തുകൾ എന്നിവർ തുക അനുവദിക്കുന്നതനുസരിച്ച് ഹാൻഡ് പമ്പുകൾ ഭൂജലവകുപ്പ് അറ്റകുറ്റപ്പണികൾ നടത്തി കുഴൽക്കിണറുകൾ പ്രവർത്തനയോഗ്യമാക്കുന്നതാണ്.

45 (1691) കൂട്ടായി റഗുലേറ്റർ - കം - ബ്രിഡ്ജിന്റെ പണി പൂർത്തിയാക്കാൻ നടപടി

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടായി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പുതുക്കിയ എസ്റ്റിമേറ്റ് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പ്രോജക്ടിന്റെ അവശേഷിക്കുന്ന ജോലികൾ പൂർത്തിയാക്കുന്നതിന് എന്ത് നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)കൂട്ടായി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി പൂർത്തിയാക്കുന്നതിന് 433 ലക്ഷം രൂപ മതിപ്പ് ചെലവ് വരുന്ന ഒരു എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്.

46 (1692) വലിയകുളം വാട്ടർ സപ്ലൈ സ്കീം

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്കൽ പഞ്ചായത്തിൽ 1986-ൽ ആവിഷ്കരിച്ച വലിയകുളം വാട്ടർ സപ്ലൈ സ്കീം, വലിയകുളത്തിൽ ആരംഭിക്കാതെ നെയ്യാറിൽ ആരംഭിക്കുകയും അനധികൃത മണലൂറ്റ് നിമിത്തം ജലനിരപ്പ് താഴുകയും ചെയ്തത്

LIBRARY ARCHIVES Kerala Legislative Assembly

കാരണം പ്രസ്തുത പദ്ധതി വൻപരാജയമാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യഥേഷ്ടം ശുദ്ധജലം ലഭിക്കത്തക്കതും 21 ഏക്കർ വിസ്തീർണ്ണമുള്ളതും ഒരിക്കലും നീരുറവ വറ്റാത്തതുമായ വലിയകുളത്തിൽ പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പദ്ധതി പട്ടികജാതി/പട്ടികവർഗ്ഗ പരിപാടി പ്രകാരം വലിയകുളം കോളനിക്ക് മാത്രമായി നടപ്പിലാക്കിയതാണ്. കാലക്രമേണ സമീപ സ്ഥലങ്ങളിലേക്കും ഈ പദ്ധതിയിൽനിന്നും ജലവിതരണം നടത്തുവാനായി പൈപ്പ്ലൈൻ സ്ഥാപിക്കുക കാരണം ഇപ്പോൾ ഈ പദ്ധതി തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. സ്രോതസ്സ് മാറ്റിയതിനാൽ വെള്ളത്തിന്റെ ലഭ്യതയ്ക്ക് യാതൊരു കോട്ടവും പറ്റിയിട്ടില്ല.

(ബി) 1996-97 കാലഘട്ടങ്ങളിൽ പ്രസ്തുത പദ്ധതിക്ക് വലിയകുളം സ്രോതസ്സായി ഉപയോഗിക്കുവാൻ പഠനം നടത്തിയിരുന്നു. ശുദ്ധീകരണശാലയോടുകൂടിയ ഒരു പദ്ധതി ആവിഷ്കരിച്ചാൽ മാത്രമേ കുളത്തിലെ വെള്ളം കുടിവെള്ളമായി ഉപയോഗിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിന് വൻതുക വേണ്ടിവരുമെന്നുള്ളതിനാൽ ഈ കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

47 (1693) തൃശ്ശൂരിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.ഇ.സി. യുടെ സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(സി) ജില്ലയിൽ ഇനിയും പണി പൂർത്തിയായിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാം; പരിഗണനയിൽ ഉള്ളത് ഏതെല്ലാം;

(ഡി) ചേർപ്പ് നിയോജകമണ്ഡലത്തിൽ പൂർത്തിയായതും പരിഗണനയിൽ ഉള്ളതുമായ പദ്ധതികൾ ഏതെല്ലാമാണ്;

(ഇ) അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന് മൊത്തത്തിൽ പ്രയോജനം ചെയ്യുന്ന ഒരു പദ്ധതി ഇ.ഇ.സി-യെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇ.ഇ.സി. യുടെ സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ പൂർത്തിയാക്കിയിട്ടുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഒന്നുംതന്നെയില്ല.

(ബി) 1. ആളൂർ പഞ്ചായത്തിലെ ആണികുളം

2. പഴയന്നൂർ പഞ്ചായത്തിലെ ഇളനാടു വി.സി.ബി.

LIBRARY ARCHIVES Kerala Legislative Assembly